**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. വി. സുജാതയുടെ 04.06.2007 മുതൽ 21.08.2007 വരെയുള്ള ശൂന്യവേതനാവധി മുൻകാല സർവ്വീസ് നഷ്ടമാകാത്തവിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ(സാധാ).നം.2778/2016/തസ്വഭവ** **തീയതി, തിരുവനന്തപുരം,30/09/2016**

---

പരാമർശം: 1) 01/07/2001-ലെ സ.ഉ (സാധാ) നം. 1800/2007/തസ്വഭവ നം. ഉത്തരവ്.

2) ശ്രീമതി. വി. സുജാതയുടെ 11.05.2012-ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 28.01.2016 തീയതിയിലെ ഇ 6-17742/2012 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. വി. സുജാതയ്ക്ക് പരാമർശം (1) പ്രകാരം 22.08.2007 മുതൽ 5 വർഷത്തേയ്ക്ക് അനുബന്ധം XII C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് 22.08.2012 മുതൽ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നതിന് മുൻപ് ടിയാൾ 04/06/2007 മുതൽ 21/08/2007 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നു. കേരള സർവ്വീസ് റൂൾസ് ഭാഗം I അനുബന്ധം XII C പ്രകാരമുള്ള അവധിയോടൊപ്പം മറ്റവധികൾ ചേർത്തെടുക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ 04.06 2007 മുതൽ 21.08.2007 വരെയുള്ള കാലയളവിലെ ടിയാന്റെ ശൂന്യവേതനാവധി ക്രമീകരിക്കേണ്ടതുണ്ട്. ടിയാൾ 04/07/2007 ൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. വി. സുജാതയുടെ 04.06.2007 മുതൽ 21.08.2007 വരെയുള്ള ശൂന്യവേതനാവധി കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മുൻകാല സർവീസ് നഷ്ടമാകാത്തവിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**

**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, തൃത്താല ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി. വി. സുജാത, മഹാലിംഗം ഫ്ലാറ്റ്സ്, ഫ്ലാറ്റ് നം. 4, കപ്പംബീച്ച് റോഡ്, ചെന്നൈ - 41 (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ധനവകുപ്പ് ( 26.04.2016 ലെ ഇ-215307/ആർ.ബി2/1/ധന നമ്പർ കുറിപ്പ്)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(46/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ